**പതിനാലാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3703** 15/05/2017 -ൽ മറുപടിയ്ക്ക്

**എസ്.എസ്.എൽ.സി. പരീക്ഷ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) എസ്.എസ്.എൽ.സി. പരീക്ഷ ചോദ്യ കർത്താക്കളുടെ പേരുവിവരങ്ങൾ ചോർത്തിയെടുത്ത് അവരെകൊണ്ട് മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കി കച്ചവടം ചെയ്യുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പ്രസ്തുത പ്രശ്നം സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) ബാധകമല്ല. |
| (സി) ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിന്റെ രഹസ്യ സ്വഭാവം നിലനിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) നിലവിൽ എസ് സി ഇ ആർ ടി യിൽ നിന്നും ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് വിദഗ്ധരായ അധ്യാപകരുടെ പാനൽ ആവശ്യപ്പെടുകയും ലഭിക്കുന്ന പാനലിൽ നിന്നും ഒരു ചെയർമാനെയും 4 സെറ്റർമാരെയും ഓരോ വിഷയത്തിനും തെരഞ്ഞെടുക്കുകയും ചെയ്യുന്നു. അതിനുശേഷം ചെയർമാൻമാരുടെ യോഗം പരീക്ഷാ സെക്രട്ടറി വിളിക്കുകയും ചോദ്യപേപ്പർ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ചെയർമാൻമാർക്കും സെറ്റർമാർക്കും എസ് സി ഇ ആർ ടി യിൽ നിന്നും ലഭിക്കുന്ന മോഡൽ ചോദ്യപേപ്പറുകളും, നിർദ്ദേശങ്ങളും പാഠപുസ്തകങ്ങളും, അധ്യാപക സഹായിയും നൽകുന്നു. ചെയർമാൻമാർ തങ്ങളുടെ കീഴിലുള്ള ഓരോ ചോദ്യരചയിതാക്കളെയും വെവ്വേറെ തയ്യാറാക്കിയ ചോദ്യപേപ്പറുകൾ സഹിതം ഹാജരാകുവാൻ ആവശ്യപ്പെ |

ടുകയും, ചോദ്യപേപ്പറുകൾ പരീക്ഷാ ഭവനിൽ വച്ച് 2 ദിവസം സൂക്ഷ്മപരിശോധന നടത്തുകയും സീൽ ചെയ്ത കവറുകളിൽ 4 ചോദ്യപേപ്പറുകളും പരീക്ഷാഭവനിൽ എത്തിക്കുകയും ചെയ്യുന്നു. പ്രസ്തുത 4 ചോദ്യപേപ്പറുകളിൽ ഒരെണ്ണം മോഡൽ പരീക്ഷയ്ക്കും ഒരെണ്ണം പൊതു പരീക്ഷയ്ക്കുമായി പരീക്ഷാ കമ്മീഷണർ തെരഞ്ഞെടുക്കുന്നു. തെരഞ്ഞെടുത്ത ചോദ്യപേപ്പർ പരീക്ഷാ സെക്രട്ടറി നേരിട്ട് സെക്യൂരിറ്റി പ്രിന്റർക്ക് അയച്ചു കൊടുക്കുന്നു.

സെക്ഷൻ ഓഫീസർ